സരിക്കുമ്മറിയോ ഗവണ്മെന്റിന്റെ മുമ്പി എന്തെങ്കിലും പുതിയ നിർദ്ദേശങ്ങൾ വയ്ക്കുകയുണ്ടായിട്ടുണ്ടോ ; ഉണ്ടെങ്കിൽ അതെന്താണ് ?

ആഭ്യന്തരകായ്മന്ത്രി (ശ്രീ. എ. ജെ. ജോൺ):

(എ) മരച്ചീനിവിദേശവിപണികളിലേയ്ക്ക് കയറ്റി അയയ്ക്കുന്നതിനുള്ള നിയന്ത്രണങ്ങൾ പിൻവലിച്ചു. പുളിക്കീഴിൽ ഒരു സ്റ്റാർച്ചും, ഗ്ലൂക്കോസും ഫാക്ടറി തുടങ്ങുന്നതിനുവേണ്ട നടപടികളെടുത്തിട്ടുണ്ട്. റെയിൽവേഫ്രയിറ്റും, ഷിപ്പിംഗ് ഫ്രെയിറ്റും കുറയ്ക്കുന്നതിന് സെൻട്രൽ ഗവണ്മെൻറുമായി വേണ്ട കത്തിടപാടുകൾ നടത്തുകയാണ്. കൂടാതെ ഗവണ്മെന്റിൽനിന്നു ഉണ്ടാക്കിയ മരച്ചീനി വിലയെടുത്ത സമയത്തു്, മരച്ചീനിക്കു് നാട്ടിൽ കുറച്ചുവില കൂടുകയുണ്ടായി.

(ബി) മരച്ചീനി വികസനബോർഡു് ചില നിർദ്ദേശങ്ങൾ പരിഗണിച്ചുവരുന്നുണ്ടു്.

കുത്തകപ്പാട്ട ചട്ടങ്ങൾ.

* 1037. [24] ശ്രീ. കെ. ടി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്കു് ആഭ്യന്തരവകുപ്പുമന്ത്രി സദയം മറുപടി തരുമോ :

(എ) ഇപ്പോൾ നിലവിലുള്ള കുത്തകപ്പാട്ട ചട്ടങ്ങളെ സംബന്ധിച്ചു് വളരെ അധികം പരാതികൾ ഉള്ളതായി ഗവണ്മെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) കുത്തകപ്പാട്ട ചട്ടങ്ങളിൽ ആവശ്യമായ ഭേദഗതികൾ ചെയ്യുന്നതിനു് ഗവണ്മെൻറു് ഉദ്ദേശിക്കുന്നുണ്ടോ ?

ആഭ്യന്തരകാര്യമന്ത്രി (ശ്രീ. എ. ജെ. ജോൺ) :

(എ) ഇല്ല.

(ബി) ഉണ്ടു്.

വനഭൂമി

* 1038. [25] ശ്രീ. എം. എം. മത്തായി : താഴെ പറയുന്നചോദ്യങ്ങൾക്കു് ആഭ്യന്തരവകുപ്പുമന്ത്രി സദയം മറുപടി പറയുമോ ;

(എ) ഈ സംസ്ഥാനത്തു് ഫുഡ്പ്രൊഡക്ഷനായി എത്ര ഏക്കർവനഭൂമി കൃഷിക്കായി കൊടുത്തിട്ടുണ്ടു്;

(ബി) ഈ സ്ഥലങ്ങൾ വിട്ടുകൊടുത്തിട്ടു് എത്ര വർഷമായി;

(സി) ഏതു വ്യവസ്ഥയിലായിരുന്നു വിട്ടുകൊടുത്തതു്;

(ഡി) ഈ സ്ഥലങ്ങളെ സംബന്ധിച്ചു് ഗവണ്മെൻറു് ഏതു നയമാണു് സ്വീകരിച്ചിട്ടുള്ളതു് ?

ആഭ്യന്തരകാര്യമന്ത്രി (ശ്രീ. എ. ജെ. ജോൺ) :

(എ) 30000 ഏക്കർ.

(ബി) ഏഴു മുതൽ പന്ത്രണ്ടുവർഷംവരെയായിട്ടുണ്ടു്.

(സി) താൽക്കാലിക പാട്ടവ്യവസ്ഥയിൽ.

(ഡി) ഇപ്പോൾ കൃഷിക്കു കൊടുത്തിരിക്കുന്ന ഭൂമിയിൽ വനസംരക്ഷണത്തിനു് ഹാനികരമല്ലാത്ത ഭാഗം റവന്യൂഡിപ്പാർട്ടുമെൻറിനു് വിട്ടുകൊടുത്തു് ആ ഡിപ്പാർട്ടുമെൻറുവഴി കുത്തകപ്പാട്ടത്തിനു് കൊടുക്കുകയെന്നുള്ളതാണു് ഗവണ്മെൻറിന്റെ നയം.

LIBRARY ARCHIVES Kerala Legislative Assembly